(iii) പശ്ചാത്തല സംസ്കാരം

മുഹമ്മദ്നബിയുടെ വിയോഗ(10/632)ത്തിനു ശേഷമുള്ള ഒരു നൂറ്റാണ്ടുകൊണ്ടുതന്നെ ഇസ്ലാമിക കല പുഷ്കലത പ്രാപിച്ചത് ചരിത്രകാരന്മാരെ വിസ്മയിപ്പിക്കുന്നു. ഇസ്ലാമിന്റെ ദിഗ്വിജയങ്ങളെപ്പോലെ അഭൂതപൂർവമായ വേഗതയിലാണ് കല വികാസം പ്രാപിച്ചത്. പ്രവാചകന്നു മുമ്പേ അറബ് വ്യാപാരികൾ ബൈസാന്തിയ, പേർഷ്യ തുടങ്ങിയ അന്നത്തെ സാമ്രാജ്യ തലസ്ഥാനങ്ങളിലേക്ക് യാത്ര ചെയ്തിരുന്നുവെങ്കിലും അവിടത്തെ കലകളൊന്നും അറബികളെ ആകർഷിച്ചിരുന്നില്ല. കച്ചവട സാധനങ്ങൾക്കു പുറമേ ആയുധം, ആഭരണം, വസ്ത്രം എന്നിവയിലായിരുന്നു അവർക്കു താൽപര്യം. അറേബ്യയിലാകട്ടെ സാഹിത്യേതര കലകൾക്ക് വലിയ പ്രചാരവുമുണ്ടായിരുന്നില്ല. പ്രാക്തനമായ ഒരു നാടോടി ജീവിതമായിരുന്നു അറബികളുടേത്.

ഏഴു മുതൽ 17 വരെ നൂറ്റാണ്ടുകളിൽ അറ്റ്ലാന്റിക്- ഇന്ത്യാ മഹാ സമുദ്രങ്ങൾക്കും മധ്യേഷ്യൻ പുൽമേടുകൾക്കും ആഫ്രിക്കൻ മരുഭൂമികൾക്കുമിടയിലുള്ള നാടുകളിൽ മുഴുവനായി ഇസ്ലാമിക കല ആവിഷ്കാരം നേടുകയുണ്ടായി. സിറിയൻ, ഈജിപ്ഷ്യൻ, സ്പാനിഷ്, തുർകി, പേർഷ്യൻ, മുഗൾ തുടങ്ങിയ കലാ പൈതൃകങ്ങളെല്ലാം ഇസ്ലാമിക കലയുടെ കുടക്കീഴിൽ ഒരേ ആത്മഭാവം പൂണ്ട് ഒന്നിക്കുന്നു. മൊറോക്കോയിലെയും ദമസ്കസിലെയും ദൽഹിയിലെയും ജക്കാർത്തയിലെയും മസ്ജിദുകൾ നിർമിതിയിൽ പങ്കുവയ്ക്കുന്ന ഏകീഭാവം ഇസ്ലാമിക കലയുടെ ആത്മപ്രസരത്തിനു തെളിവു നല്കുന്നു. അന്യോന്യം പരിചയപ്പെട്ടിട്ടില്ലാത്ത ആളുകൾ പല നൂറ്റാണ്ടുകളിൽ പല ദേശങ്ങളിൽ തീർത്തവയാണ് ആ കലാമാതൃകകൾ. സ്പെയ്നിലെ അൽഹംറാളം ആഗ്രയിലെ താജ്മഹലും തമ്മിൽ കലാപരമായ പൊരുത്തമുണ്ട്. അന്യ സംസ്കാരങ്ങളിൽ നിന്നു സ്വീകരിച്ചതിനെയും ഇസ്ലാം സൗന്ദര്യമണിയിച്ചു സാർവജനീനമാക്കുകയായിരുന്നു. ആദാന പ്രദാനങ്ങളിലൂടെ കല വളരുമ്പോഴും ഇസ്ലാം അതിൽ സ്വന്തം റൂഹ് (ആത്മാവ്) സന്നിവേശിപ്പിച്ചുവെന്നർഥം. സാസാനിയൻ, ഗ്രീകോ-റോമൻ ബൈസാന്തിയൻ കലാപാരമ്പര്യങ്ങളെ ഇസ്ലാം സ്വാംശീകരിച്ചതായി റോബർട്ട് ഇർവിൻ എടുത്തുപറയുന്നുണ്ട്. സാസാനിയൻ, ബൈസാന്തിയൻ ചിത്രാലങ്കാരങ്ങളുടെയും വാസ്തുവിദ്യയുടെയും സ്വാധീനതകൾ ഇസ്ലാമിക അലങ്കാര കലയിലും വാസ്തുവിദ്യയിലും ധാരാളമുണ്ടെന്ന് ഇർവിൻ പറയുന്നു. ബൈസാന്തിയൻ നാണയങ്ങളിലും ചിത്രകലയിലും കാണുന്ന അലങ്കാരപ്പണികളിൽ ദേവന്മാരുടെയും ദേവതകളുടെയും ചിത്രങ്ങൾ കാണാമെങ്കിൽ ഇസ്ലാമിക കലാകാരന്മാർ അത്തരം രൂപചിത്രീകരണങ്ങളെ പാടെ വർജിച്ചു എന്നതാണു വ്യത്യാസം. പ്രതിമാ നിർമാണത്തെയും ഇസ്ലാം തിരസ്കരിച്ചു. പകരം മറ്റാവിഷ്കാര രീതികൾ സ്വയം വികസിപ്പിക്കുകയും ചെയ്തു. എന്നാൽ വാസ്തു വിദ്യയിൽ ബൈസാന്തിയൻ-സാസാനിയൻ മാതൃകകളെ സംയോജിപ്പിക്കുകയാണ് മുസ്ലിംകൾ ചെയ്തത്. പള്ളിയുടെ (മസ്ജിദ്) നിർമിതിയിൽ ഈ സ്വാധീനങ്ങൾ കാണാം.